മന്ത്രിമാരുടെ വാഹനങ്ങളും എക്സ്കോർട്ട് വാഹനങ്ങളും തട്ടി അപകടം സംഭവിച്ചവർ

1212. [1648] ശ്രീ. വി. എസ്. ചന്ദ്രശേഖരപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയുള്ള മന്ത്രിമാരുടെ വാഹനങ്ങളും എക്സ്കോർട്ട് വാഹനങ്ങളും തട്ടി മരണമടഞ്ഞവരുടെ അവകാശികൾക്കും പരിക്കേറ്റവർക്കും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ മരിച്ചവർക്കും പരിക്കേറ്റവർക്കും മൊത്തം എന്തു തുക വീതം നൽകിയെന്ന് വ്യക്തമാക്കുമോ ;

(സി) നഷ്ട പരിഹാരം സംബന്ധിച്ച് കേസുകൾ വല്ലതും ഇന്ന് കോടതികളിൽ നിലവിലുണ്ടോ ;

(ഡി) എങ്കിൽ എത്ര കേസുകൾ ;

(ഇ) മന്ത്രിമാരുടെ വാഹനങ്ങൾ ഈ അപകടങ്ങളുടെ ഫലമായി പൂർണ്ണമായും ഉപയോഗ ശൂന്യമായവ ഉണ്ടോ ;

(എഫ്) എങ്കിൽ എത്ര വാഹനങ്ങളെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ക്ലെയിംസ് ട്രൈബ്യൂണലുകളുടെ വിധി ഉണ്ടാകുന്ന അവസരത്തിൽ നഷ്ട പരിഹാരം നൽകാറുണ്ട്.

(ബി, സി, ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) ഇല്ല.

(എഫ്) ഉദിക്കുന്നില്ല.

തണ്ണിത്തോട്ടിലെ പോലീസ് ഔട്ട്പോസ്റ്റ്

1213. [1650] ശ്രീ. വി. എസ്. ചന്ദ്രശേഖരപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി നിയോജക മണ്ഡലത്തിലെ തണ്ണിത്തോട്ടിൽ പോലീസ് ഔട്ട്പോസ്റ്റ് ആരംഭിച്ചിട്ട് എത്ര വർഷമായി ;

(ബി) എത്ര പോലീസുകാർ ഇവിടെ ഡ്യൂട്ടിയിലുണ്ട് ;

(സി) അൽപ്പംപോലും ഗതാഗത സൗകര്യമില്ലാത്ത തണ്ണിത്തോടു പ്രദേശത്തെ ജനങ്ങൾ ഇപ്പോൾ പരാതിയുമായി എത്തേണ്ടത് 18 കി. മീ. ദൂരത്തിലുള്ള കോന്നി പോലീസ് സ്റ്റേഷനിലാണെന്നകാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ജനങ്ങളുടെ സൗകര്യവും മറ്റും പ്രത്യേകം പരിഗണിച്ച് ഇപ്പോൾ തണ്ണിത്തോട്ടിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പോലീസ് ഔട്ട്പോസ്റ്റ് ഒരു ചാർജിംഗ് സ്റ്റേഷനായി ഉയർത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 12 വർഷം.
(ബി) രണ്ടു പി. സി. മാർ
(സി) ഉണ്ട്.
(ഡി) ഉടനെ ആരംഭിക്കുവാൻ കഴിയുകയില്ല.

മണ്ണാർക്കാടും അഗളിയിലും അഗ്നിശമന യൂണിറ്റുകൾ സ്ഥാപിക്കുവാൻ നടപടി

1214. [1651] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാലക്കാടു ജില്ലയിലെ മണ്ണാർക്കാടും അഗളിയിലും ഓരോ അഗ്നിശമന യൂണിറ്റുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

സാമ്പത്തിക പരിമിതി കാരണം തൽക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ല.

ഫയർ സർവ്വീസ് ജീവനക്കാർക്ക് തീ ഏൽക്കാത്ത വസ്ത്രം നൽകാൻ നടപടി

1215. [1652] ശ്രീ. കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീ പിടിത്തമുണ്ടാകുമ്പോൾ തീ കെടുത്തുന്ന ജോലിയിലേർപ്പെടുന്ന ഫയർ സർവ്വീസ് ജീവനക്കാരന് സ്വന്തം ശരീരത്തിൽ തീ ഏൽക്കാതിരിക്കാനുള്ള വസ്ത്രങ്ങൾ നൽകാറുണ്ടോ ;

(ബി) ഇല്ലെങ്കിൽ ജീവനക്കാരന്റെ സുരക്ഷയ്ക്ക് വേണ്ട വസ്ത്രം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ), (ബി) ഫയർ എൻട്രി സ്യൂട്ടും ഫയർ പ്രോക്സിമിറ്റി സ്യൂട്ടും വാങ്ങാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

നീന്താനും മുങ്ങാനും പരിശീലനം ലഭിക്കാത്ത ഫയർ സർവ്വീസ് ജീവനക്കാർ

1216. [1653] ശ്രീ. കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീന്താനും മുങ്ങാനും പരിശീലനം ലഭിക്കാത്ത ഫയർ സർവ്വീസ് ജീവനക്കാർ സർവ്വീസിൽ ഉണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(ബി) നീന്താനും മുങ്ങാനും അറിയാത്ത ജീവനക്കാരെ വെള്ളത്തിലുള്ള ജോലിക്ക് നിയോഗിക്കാതിരിക്കുമോ ;

(സി) നീന്താനും മുങ്ങാനുമുള്ള പരിശീലനം ഫയർ സർവ്വീസ് ജീവനക്കാർക്ക് നൽകാ�ൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly